(ബി) പരിശോധിച്ചിട്ടുണ്ട്. ടെണ്ടറുകൾ അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള കാലതാമസവും മെറ്റീരിയൽസിലും ലേബർ ചാർജ്ജിലും അടിക്കടി ഉണ്ടാകുന്ന വില വർദ്ധനവും ചെയ്യുന്ന പണിയുടെ ബിൽ തുക ലഭ്യമാക്കുന്നതിനുള്ള കാലതാമസവുമാണ് അധികനിരക്ക് ക്വാട്ട് ചെയ്യാൻ കാരണം.

(സി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-4-2014 മുതൽ 30-9-2014-വരെ 1403.53 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 1-1-2014 മുതൽ 30-9-2014-വരെയുള്ള 327 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 1-5-2014 മുതലുള്ള 52.43 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മുൻഗണനാക്രമത്തിൽ കാലവിളംബം കൂടാതെ കുടിശ്ശിക കൊടുത്തുതീർക്കാനാണ് ശ്രമിക്കുന്നത്.

(ഡി) കുടിശ്ശിക കൊടുത്തു തീർക്കാത്തതുമൂലം കരാറുകാർക്കുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുമൂലം പണികൾ ഏറ്റെടുക്കുവാൻ വൈമുഖ്യം കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മരാമത്ത് പ്രവർത്തനങ്ങളിലുള്ള സ്തംഭനാവസ്ഥ ഒഴിവാക്കാൻ നടപടി

351 (1409) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാകാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഇതുമൂലം റോഡുകളാകെ കുണ്ടും കുഴിയും നിറഞ്ഞിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കരാറുകാരുടെ എത്ര മാസത്തെ ബില്ലുകളാണ് കുടിശ്ശികയായിട്ടുള്ളതെന്നും, ഇത് എത്ര തുക വരുമെന്നും, ടാർ കമ്പനികൾക്കുള്ള കുടിശ്ശിക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) കുടിശ്ശികകാരണം സംസ്ഥാനത്തെ മരാമത്ത് പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണോ ;

(ഡി) കരാറുകാരുടെ കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് പറയാമോ;

(ഇ) മരാമത്ത് പ്രവർത്തനങ്ങളിലുള്ള സ്തംഭനാവസ്ഥ ഒഴിവാക്കി റോഡുകളുടെയും പാലങ്ങളുടെയും ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ഈ വിഷയം പരിശോധിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡിലെ കേടുപാടുകൾ തീർത്ത് പരിപാലിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-4-2014 മുതൽ 30-9-2014 വരെ 1403.53 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 1-1-2014 മുതൽ 30-9-2014 വരെയുള്ള 327 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 1-5-2014 മുതലുള്ള 52.43 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്. ടാർ സപ്ലൈ ചെയ്യുന്ന ഏജൻസിയായ ഭാരത് പെട്രോളിയം കോർപ്പറേഷന് 31-10-2014 വരെ 39.14 കോടി രൂപ നൽകുവാനുണ്ട്.

(സി) സ്തംഭനാവസ്ഥയില്ല.

(ഡി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മുൻഗണനാക്രമത്തിൽ കാലവിളംബം കൂടാതെ കുടിശ്ശിക കൊടുത്തുതീർക്കാനാണ് ശ്രമിക്കുന്നത്.

(ഇ) സ്തംഭനാവസ്ഥ നിലവിലില്ല.

കായംകുളം കോടതി സമുച്ചയത്തിന്റെ നിർമ്മാണം

352 (1410) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

ഉത്തരം

കായംകുളം കോടതി സമുച്ചയത്തിന്റെ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. സ്ട്രക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കി വരുന്നു.

വാമനപുരം-ചിറ്റാർ റോഡ് പുനരുദ്ധാരണം

353 (1411) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം-ചിറ്റാർ റോഡ് ആധുനിക രീതിയിൽ പുനരുദ്ധരിക്കുന്നതിന് പദ്ധതി ഉണ്ടോ; ഇതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) വാമനപുരം-ചിറ്റാർ റോഡ് പൂർണ്ണമായും തകർന്ന് ഗതാഗതം അസാദ്ധ്യമായിരിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് അടിയന്തരമായി ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly